## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4081** **24.08.2017 ൽ മറുപടിയ്ക്ക്**

## സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | ഉത്സവസാഹചര്യം മുന്നിൽ കണ്ട് അതിർത്തി വഴി സംസ്ഥാനത്തേക്ക് സ്പിരിറ്റ്, വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ കടത്തിക്കൊണ്ടുവരാനുള്ള സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉത്പാദനം, കടത്ത്, വിൽപ്പന, ഉപഭോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലും വിവിധ മേഖലകളായി തിരിച്ച് സ്ട്രൈക്കിങ് ഫോഴ്സുകളും പ്രവർത്തിച്ചുവരുന്നു. സ്ഥിരം കുറ്റവാളികളെ പ്രത്യേകം നിരീക്ഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ബോർഡർ പട്രോളിങ്, റോഡ് പട്രോളിങ് യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്ത് വരുന്നു. |
| (സി) | സംസ്ഥാന അതിർത്തികളിൽ പട്രോളിംഗ് കർശനമാക്കുമോ; | (സി) | അതിർത്തി പ്രദേശങ്ങളിൽ എക്സൈസ് വകുപ്പിന്റെ ബോർഡർ/റോഡ് പട്രോളിങ് യൂണിറ്റുകളുടെ പട്രോളിങ്ങുകളും വാഹന പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്. |
| (ഡി) | സെപ്റ്റംബർ 10 വരെ സ്പെഷ്യൽ | (ഡി) | ഓണക്കാലത്തോടനുബന്ധിച്ച് ആഗസ്റ്റ് 10-ാം |

| | | | |
|---|---|---|---|
| | എൻഫോഴ്സ്‌ ഡ്രൈവായി പരിഗണിക്കുന്നുണ്ടോ; | | തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്. |
| (ഇ) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശംങ്ങൾ നൽകുമോ; | (ഇ) | സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്ട്രൈക്കിങ് ഫോഴ്സുകളുടെ പ്രവർത്തനവും ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കും വിവിധ വകുപ്പുകളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്നുള്ള സംയുക്ത പരിശോധനകൾക്കും ഈ കാലയളവിൽ പ്രത്യേക ഊന്നൽ നൽകുന്നതാണ്. |
| (എഫ്) | എല്ലാ ജില്ലാ എക്സൈസ് ആസ്ഥാനങ്ങളിലും ഈ കാലയളവിൽ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എഫ്) | സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എല്ലാ ജില്ലകളിലും എക്സൈസ് വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**